# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 06.05.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1.) പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായി ചർച്ച നടത്തി.

**In a series of high level meetings following the Pahalgam Terror Attack, National Security Advisor Ajit Doval met Prime Minister Narendra Modi at his residence in New Delhi today.**

2) രാജ്യത്ത് നാളെ സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ സംഘടിപ്പിക്കും. കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ സംസ്ഥാന ചീഫ് സെക്രട്ടറിമാരുമായി യോഗം ചേരുന്നു.

**Union Home Secretary Govind Mohan is holding a meeting with Chief Secretaries of States on Civil Defence Mock Drill to be conducted tomorrow.**

3) പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ്.

**UN Secretary General strongly condemns Pahalgam terror attack; Says targeting of civilians is unacceptable and those responsible must be brought to justice.**

4) വിശ്വപ്രസിദ്ധമായ തൃശൂർ പൂരത്തിന് മണിക്കൂറുകൾ മാത്രം. പൂരാവേശത്തിൽ ശക്തൻറെ തട്ടകം.

**Kerala witnesses the iconic temple festival Thrissur Pooram today**

5) ഐപിഎല്ലിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും

**In IPL, Mumbai Indians will take on Gujarat Titans, this evening.**

&&&&&&&&&&&&&&&&&&

## HEADLINE-1

**NSA-PM MEET**

പഹൽഗാം ഭീകരാക്രമണ പശ്ചാത്തലത്തിൽ ചേരുന്ന ഉന്നതതല യോഗങ്ങളുടെ തുടർച്ചയായി പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായി ചർച്ച നടത്തി. പ്രധാനമന്ത്രിയുടെ വസതിയിലായിരുന്നു കൂടിക്കാഴ്ച. ഇന്നലെ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്ങുമായും പ്രധാനമന്ത്രി ചർച്ച നടത്തിയിരുന്നു. വ്യോമ- നാവിക- കര സേനാ മേധാവികളുമായും കഴിഞ്ഞ ദിവസങ്ങളിൽ പ്രധാനമന്ത്രി വെവ്വേറെ കൂടിക്കാഴ്ചകൾ നടത്തി.

&&&&&&&&&&&&&&&&&&

## HEADLINE-2

**DAY HOME- CIVIL DEFENCE**

രാജ്യത്ത് നാളെ സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ സംസ്ഥാന ചീഫ് സെക്രട്ടറിമാരുമായി യോഗം ചേരുന്നു. സിവിൽ ഡിഫൻസ്, എൻഡിആർഎഫ് മേധാവികളടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ

യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. വ്യോമാക്രമണ മുന്നറിയിപ്പ് സംവിധാനം, വ്യോമസേനയുമായുള്ള റേഡിയോ കമ്യൂണിക്കേഷൻ, കൺട്രോൾ റൂമുകളുടെ പ്രവർത്തനം എന്നിവ നാളെ മോക്ക് ഡ്രില്ലിലൂടെ വിലയിരുത്തും. രാജ്യത്തെ 244 സിവിൽ ഡിഫൻസ് ജില്ലകളിൽ ഗ്രാമീണ തലങ്ങളിലാണ് ഡ്രിൽ സംഘടിപ്പിക്കുന്നത്. ആക്രമണ ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട പ്രതിരോധ നടപടികളെക്കുറിച്ച് ജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ഇതിലൂടെ ബോധവത്കരണം നൽകും.

&&&&&&&&&&&&&&&&&&

**Line of Control**

ജമ്മുകശ്മീരിൽ നിയന്ത്രണരേഖയിലെ വിവിധ ഭാഗങ്ങളിൽ ഇന്നലെ രാത്രിയും വെടിവെയ്പ്പ് തുടർന്ന് പാകിസ്ഥാൻ സേന. കുപ് വാര, ബാരാമുള്ള, പൂഞ്ച്, രജൗരി, നൗഷേര, അഖ്നൂർ ഉൾപ്പെടെയുള്ള മേഖലകളിലാണ് പ്രകോപനമില്ലാതെ വെടിവെയ്പ്പുണ്ടായത്. ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിച്ചു. ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

&&&&&&&&&&&&&&&&&&

# HEADLINE-3

**GUTERRES (INTRO)**

*പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ്. സാധാരണക്കാർക്ക് നേരെയുള്ള ഇത്തരം ആക്രമണങ്ങളെ അംഗീകരിക്കാൻ ആകില്ലെന്നും, ഉത്തരവാദികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പഹൽഗാം ഭീകരാക്രമണത്തിന് ശേഷം നിലനിൽക്കുന്ന ഇന്ത്യ -പാക് സംഘർഷ സാഹചര്യം ചർച്ച ചെയ്യാനുള്ള രക്ഷാസമിതി യോഗത്തിന് മുന്നോടിയായി മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നയതന്ത്ര മാർഗ്ഗങ്ങളിലൂടെ സമാധാനം ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ നടപടികൾക്കും ഐക്യരാഷ്ട്രസഭ പിന്തുണ നൽകുമെന്നും സെക്രട്ടറി ജനറൽ വ്യക്തമാക്കി.*

*(ഹോൾഡ് വോയ്സ്...............)*

&&&&&&&&&&&&&&&&&&

**Pakistani airspace**

പാകിസ്ഥാൻ വ്യോമ പരിധിയിലൂടെ വിമാനം പറത്തുന്നത് നിർത്തിവച്ച് എയർ ഫ്രാൻസ്, ലുഫ്ഥാൻസ അടക്കമുള്ള എയർലൈൻ കമ്പനികൾ. ബ്രിട്ടീഷ് എയർവേയ്സ്, സ്വിസ്സ് എയർലൈൻസ്, എമിറേറ്റസ് തുടങ്ങിയ എയർലൈൻസുകളും പാകിസ്ഥാൻ വ്യോമപരിധി ഒഴിവാക്കിയുള്ള സഞ്ചാരമാർഗ്ഗങ്ങളാണ് തിരഞ്ഞെടുക്കുന്നത്.

&&&&&&&&&&&&&&&&&&

***S JAISANKAR (INTRO)***

***വിദേശരാജ്യങ്ങളിൽ ഇന്ത്യൻ വൈഗ്ദ്ധ്യത്തിന് ആവശ്യകത ഏറി വരുന്നതായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഗ്ലോബൽ അക്സസ് ടു ടാലന്റ് ഫ്രം ഇന്ത്യ ഉദ്ഘാടന ചടങ്ങിനെ ഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സാങ്കേതിക വിദ്യയുടെയും, മറ്റ് ഘടകങ്ങളുടെയും സ്വാധീനത്താൽ രൂപം കൊണ്ട ആഗോള കർമസേന എന്ന സങ്കൽപത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും ശ്രീ ജയശങ്കർ പറഞ്ഞു.***

***(ഹോൾഡ് വോയ്സ്.......)***

&&&&&&&&&&&&&&&&&&

**.INDIA- CANADA**

കാനഡയിലെ ടൊറന്റോയിൽ നടന്ന ഒരു പരേഡിൽ ഇന്ത്യൻ നേതാക്കളെയും, കാനഡയിലെ ഇന്ത്യൻ ജനതയേയും മോശമായി ചിത്രീകരിച്ചതിനെ രൂക്ഷമായി വിമർശിച്ച് ഇന്ത്യ. ന്യൂഡൽഹിയിലെ കനേഡിയൻ ഹൈകമ്മീഷനെ വിളിച്ചുവരുത്തി കേന്ദ്ര സർക്കാർ അതൃപ്തി രേഖപ്പെടുത്തി. ഇന്ത്യാ വിരുദ്ധ പ്രവർത്തനങ്ങൾ, വിഘടനവാദ നീക്കങ്ങൾ എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നും കനേഡിയൻ സർക്കാരിനോട് ഇന്ത്യ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&

## HEADLINE-4

***THRISSUR POORAM (INTRO)***

***വിശ്വപ്രസിദ്ധമായ തൃശൂർ പൂരത്തിന് മണിക്കൂറുകൾ മാത്രം ശേഷിക്കേ പൂരാവേശത്തിൽ ശക്തന്റെ തട്ടകം. ഘടകപൂരങ്ങൾ വടക്കുംനാഥ സന്നിധിയിലെത്തിക്കൊണ്ടിരിക്കുകയാണ്. ഇലഞ്ഞിത്തറ മേളത്തിനും കുടമാറ്റത്തിനും ഉള്ള കാത്തിരിപ്പിലാണ് ജനലക്ഷങ്ങൾ.***

***പൂരനഗരിയിൽ നിന്ന് വിശേഷങ്ങളുമായി ഭരിതാ പ്രതാപ് .............***

***(വോയ്സ്)***

&&&&&&&&&&&&&&&&&&

**A. RAJA MLA**

ദേവികുളം നിയമസഭാ തിരഞ്ഞെടുപ്പിൽ എ രാജയുടെ വിജയം ശരിവച്ച് സുപ്രീംകോടതി. തിരഞ്ഞെടുപ്പ് വിജയം റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി റദ്ദാക്കി. ജസ്റ്റിസുമാരായ അഹ്സാനുദ്ദീൻ അമാനുള്ള, പികെ മിശ്ര എന്നിവർ ഉൾപ്പെട്ട രണ്ടംഗ ബെഞ്ചാണ് വിധി പറഞ്ഞത്. പട്ടികജാതി സംവരണത്തിന് രാജയ്ക്ക് അർഹതയുണ്ടെന്നും സുപ്രീംകോടതി വിലയിരുത്തി. പൂർവ്വികർ തിരുനെൽവേലിയിൽ നിന്ന് 1950 ഓഗസ്റ്റ് 10ന് മുൻപ് കുടിയേറിയവരാണെന്നും ഇതിന് രേഖകളുണ്ടെന്നുമാണ് എ രാജയുടെ അഭിഭാഷകൻ സുപ്രീംകോടതിയിൽ ഉയർത്തിയ വാദം. ഇത് സുപ്രീംകോടതി ശരിവയ്ക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

**REV. KHARGE-CASTE CENSUS**

ജാതി സെൻസെസ് സംബന്ധിച്ച് എല്ലാ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച നടത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് ആവശ്യപ്പെട്ട് കോൺഗ്രസ് ദേശീയാധ്യക്ഷൻ മല്ലികാർജുൻ

ഖർഗേ. തെലങ്കാന സർക്കാർ മാതൃകയിൽ സെൻസെസ് നടപ്പാക്കണമെന്നും, സംവരണത്തിൽ നിലനിൽക്കുന്ന 50 ശതമാനം പരമാവധി പരിധി ഒഴിവാക്കണമെന്നും കത്തിൽ ആവശ്യപ്പെടുന്നു. പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗങ്ങൾക്ക് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടക്കം സംവരണം കൊണ്ടുവരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ ജാതി സെൻസസിൽ അവകാശം ഉന്നയിക്കാനുള്ള കോൺഗ്രസിന്റെ നീക്കമാണിതെന്ന് ആരോപിച്ച് ബിജെപി രംഗത്തു വന്നു.

&&&&&&&&&&&&&&&&&&

**PUNJAB POLICE: JOINT OPERATION**

പഞ്ചാബിൽ, പൊലീസും കേന്ദ്ര ഏജൻസികളും നടത്തിയ സംയുക്ത പരിശോധനയിൽ വൻ ആയുധ ശേഖരം കണ്ടെത്തി. തിബ്ബാ നംഗൽ-കുലാർ റോഡിൽ വനമേഖലയ്ക്ക് സമീപം നടത്തിയ പരിശോധനയിലാണ് ഗ്രനേഡുകൾ, ഐഇഡികൾ ഉൾപ്പെടെയുള്ള ആയുധങ്ങൾ കണ്ടെടുത്തത്.

&&&&&&&&&&&&&&&&&&

## HEADLINE-5

**IPL**

ഐപിഎല്ലിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. രാത്രി 7.30ന് മുംബൈ വാങ്കഡേ സ്റ്റേഡിയത്തിലാണ് മത്സരം. പോയിന്റ് പട്ടികയിൽ മുംബൈ ഇന്ത്യൻസ് മൂന്നാമതും ഗുജറാത്ത് ടൈറ്റൻസ് നാലാമതുമാണ്.

&&&&&&&&&&&&&&&&&&

**ARCHERY WORLD CUP**

അമ്പെയ്ത്ത് ലോകകപ്പ് രണ്ടാം ഘട്ടത്തിന് ചൈനയിലെ ഷാങ്ഹായിൽ ഇന്ന് തുടക്കം. ഇന്ത്യൻ താരങ്ങളായ ജ്യോതി സുരേഖ വെന്നം, ദീപിക കുമാരി എന്നിവർ മത്സരിക്കും. ഈ മാസം 11 വരെയാണ് മത്സരങ്ങൾ. എട്ട് പുരുഷന്മാരും എട്ട് വനിതകളുമടക്കം 16 താരങ്ങളാണ് ഇന്ത്യയെ പ്രതിനിധീകരിച്ച് അമ്പെയ്ത്ത് ലോകകപ്പിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

**DAY KHELO INDIA BIHAR**

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് ബിഹാറിൽ പുരോഗമിക്കുന്നു. ആൺകുട്ടികളുടെ വിഭാഗം ഫുട്ബോളിൽ ചണ്ഡിഗഢിനെതിരെ മേഘാലയ 10-1 ന് വിജയം നേടി. മത്സരത്തിന്റെ മൂന്നാം ദിനമായ ഇന്ന് സെപക് താക്രോ, വോളീബോൾ, നീന്തൽ എന്നിവയിൽ മത്സരങ്ങൾ നടക്കും.

&&&&&&&&&&&&&&&&&&

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 211 പോയിന്റ് താഴ്ന്ന് 80,584 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 70 പോയിന്റ് നഷ്ടത്തിൽ 24,390 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവില കൂടി. പവന് 2,000 രൂപ കൂടി 72,200 രൂപയും ഗ്രാമിന് 250 രൂപ വർധിച്ച് 9,025 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**TRUMP - IMMIGRANTS**

സ്വമേധയാ അമേരിക്ക വിടുന്ന അനധികൃത കുടിയേറ്റക്കാർക്ക് ആയിരം ഡോളറും യാത്രാ ചിലവും നൽകുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. അനധികൃത കുടിയേറ്റക്കാരെ കൂട്ടമായി നാടുകടത്താനുള്ള ട്രംപിൻറെ നയങ്ങളുടെ ഭാഗമായ ഈ പ്രഖ്യാപനം, കുടിയേറ്റക്കാർക്കുള്ള ചരിത്രപരമായ അവസരമാണെന്ന് യുഎസ് ആഭ്യന്തര സുരക്ഷാ വകുപ്പ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**RUSSIA - UKRAINE**

മോസ്കോ ലക്ഷ്യമിട്ട് യുക്രൈൻ തുടർച്ചയായ രണ്ടാം ദിവസവും ഡ്രോൺ ആക്രമണ നീക്കം നടത്തിയതായി റഷ്യ. ആക്രമണത്തിന് പിന്നാലെ മോസ്കോയിലെ നാല് വിമാനത്താവളങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചതായും റഷ്യൻ വ്യോമയാന നിരീക്ഷണ ഏജൻസി റോസാവിയറ്റ്സിയ അറിയിച്ചു. മോസ്കോ ലക്ഷ്യമിട്ടെത്തിയ യുക്രൈന്റെ 19 ഡ്രോണുകൾ തകർത്തതായും റഷ്യ വ്യക്തമാക്കി. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

&&&&&&&&&&&&&&&&&&

**US SPEAKER-TERRORISM**

ഭീകരവാദത്തിനെതിരായ പോരാട്ടങ്ങളിൽ ഇന്ത്യയ്ക്ക് എല്ലാവിധ പിന്തുണയും ഉറപ്പാക്കുമെന്ന് അമേരിക്കൻ പ്രതിനിധി സഭാ സ്പീക്കർ മൈക്ക് ജോൺസൺ. അമേരിക്കയുടെ ഏറ്റവും പ്രധാന പങ്കാളിയാണ് ഇന്ത്യയെന്ന് പറഞ്ഞ അദ്ദേഹം ഇന്ത്യ- അമേരിക്ക വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ ഫലപ്രാപ്തിയിലെത്തുമെന്ന പ്രതീക്ഷയും പങ്കുവച്ചു.

&&&&&&&&&&&&&&&&&&

**MoS MEA VISIT**

വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റയുടെ അഞ്ച് ദിവസത്തെ ന്യൂസിലൻഡ്- ഫിജി സന്ദർശനത്തിന് വ്യാഴാഴ്ച തുടക്കമാകും. ന്യൂസിലൻഡ് രാഷ്ട്ര നേതൃത്വവുമായി അദ്ദേഹം ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും.

&&&&&&&&&&&&&&&&&&

**NRI qouta admissions scam**

സ്വകാര്യ മെഡിക്കൽ കോളേജ് എൻആർഐ ക്വാട്ട ക്രമക്കേടിൽ ബന്ധപ്പെട്ട് കൊൽക്കത്തയിലും, സമീപ പ്രദേശങ്ങളിലും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ പരിശോധന. ആറിടങ്ങളിലാണ് ഇ.ഡി ഉദ്യോഗസ്ഥർ ഒരേസമയം റെയ്ഡ് നടത്തിയത്. കേസുമായി ബന്ധപ്പെട്ട് അമ്പതോളം പേർക്ക് ഇഡി നോട്ടീസും നൽകി.

&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&&&